അംഗൻവാടി ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകാൻ നടപടി

37 (191) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അംഗൻവാടി ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഓണറേറിയം അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന സാമൂഹ്യപ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. ഇവർക്ക് റിട്ടയർമെന്റിന് നിശ്ചിതപ്രായപരിധിയില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു സമിതിയാണ് അംഗൻവാടി വർക്കറായും ഹെൽപ്പറായും തെരഞ്ഞെടുക്കുന്നതിനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുന്നത്. ഈ ലിസ്റ്റിലുള്ളവരെ സ്ഥിരം ഒഴിവുകളിലേക്ക് നിയോഗിക്കപ്പെടുന്ന പക്ഷം സ്ഥിരം അംഗൻവാടി വർക്കറും ഹെൽപ്പറുമായി അവർക്ക് തുടരാവുന്നതാണ്. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ചു 2 വർഷം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. അതിനാൽ സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നടപടി

38 (192) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ജീവനക്കാരുടെ പെൻഷൻ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് നൽകാൻ സർക്കാർ ആരെയാണ് ചുമതലപ്പെടുത്തിയത് ;

(ബി) ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ച് നൽകിയിരുന്നുവോ; എങ്കിൽ എന്തെല്ലാം ;

(സി) എന്നാണ് സർക്കാർ ഈ കാര്യത്തിൽ ചുമതല നൽകിയത്; തീയതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത്;

(ഇ) ഇല്ലെങ്കിൽ സേവന-വേതന വ്യവസ്ഥകളും പെൻഷനും എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി.

(ബി) പ്രധാനമായും താഴെപ്പറയുന്ന 4 കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനാണ് സർക്കാർ ഏകാംഗ കമ്മീഷനെ നിയോഗിച്ചത്.

1. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രശ്നങ്ങളും സേവന-വേതന വ്യവസ്ഥകളും
2. അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിന്റെ ഫലപ്രദമായ ഭരണ നിർവ്വഹണവും വിനിയോഗവും സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുക
3. അംഗൻവാടി പ്രവർത്തകർക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി പെൻഷൻ നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക
4. അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി ഭൂമി വിട്ട് നൽകിയിട്ടുള്ളവരുടെ ആവശ്യങ്ങൾ പരിശോധിക്കുക.

(സി) 17-11-2003-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(എം)എസ്.)68/03/സാക്ഷേപ പ്രകാരമാണ്. അംഗൻവാടി ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയോഗിച്ചത്.

(ഡി) ഉണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടർ 18-11-2004-ലാണ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

(ഇ) സാമൂഹ്യക്ഷേമ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പഠിച്ച സർക്കാർ 16-8-2005-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർടി.) നമ്പർ 403/05/സാ.ക്ഷേവ. പ്രകാരം അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സംസ്ഥാന വിഹിതം 100 രൂപ കൂടി വർദ്ധിപ്പിച്ച് ഓണറേറിയം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

അംഗൻവാടി നിയമനത്തിന്റെ ലിസ്റ്റ് അംഗീകരിക്കാൻ നടപടി

39 (193) ശ്രീ. യു. സി. രാമൻ :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മോയൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിന്റെ ഇന്റർവ്യൂ കഴിഞ്ഞ് ലിസ്റ്റ് അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം വരുന്നതിനാൽ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത ലിസ്റ്റ് അംഗീകരിക്കാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly